LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ഏതെങ്കിലും ഒരു സ്കൂൾ ഇന്ന സംസ്ഥാനമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : രക്ഷകർത്താക്കളെ വരുത്തി അന്വേഷിക്കുന്ന കാര്യം ആലോചിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : രക്ഷകർത്താക്കളെയും കുട്ടികളെയും വരുത്തി ചോദിക്കുന്നുണ്ട്.

ശ്രീ. കെ. എ. ബാലൻ : ഈ രണ്ടു സ്കൂളുകളിൽനിന്നുമല്ലാതെ വേറെ പരാതി കിട്ടിയിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അധികൃതമായി വേറെ പരാതികൾ കിട്ടിയിട്ടില്ല.

ശ്രീ. ടി. എ. മജീദ് : മുസ്ലീംവിദ്യാർത്ഥികൾക്കു എന്തെല്ലാം സൗജന്യങ്ങളാണു നൽകുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രധാനമായും ഹരിജനവിദ്യാർത്ഥികൾക്കാണു് ഈ ഡിപ്പാർട്ടുമെൻറുവഴി സഹായധനവും സൗജന്യങ്ങളും നൽകിവരുന്നതു്. മുസ്ലീംവിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

ശ്രീ. ടി. എ. മജീദ് : ഈ ഡിപ്പാർട്ടുമെൻറിൽ നിന്നല്ലേ ഇതിൻറെ വിവരങ്ങൾ ശേഖരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുസ്ലീംവിദ്യാർത്ഥികൾക്കും വിദ്യാഭ്യാസസൗജന്യങ്ങൾ നൽകിവരുന്നുണ്ടു്.

ശ്രീ. ടി. എ. മജീദ് : എന്തെല്ലാം സൗജന്യങ്ങൾ നൽകിവരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുവേണം.

അദ്ധ്യാപകരുടെ ഇംക്രിമെൻറു്.

* 658. [18] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സക്കാർ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ഇംക്രിമെൻറു നിരക്കു് എന്തു്; ഈ നിരക്കു് വളരെ അപര്യാപ്തമാണെന്നു് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സക്കാർ പ്രൈമറി സ്കൂളിൽ അദ്ധ്യാപകന്മാരുടെ ഇംക്രിമെൻറുനിരക്കു് അപര്യാപ്തമാണെന്ന നിവേദനം ലഭിച്ചിട്ടുണ്ടു്.

(ബി) നിവേദനം ഗവണ്മെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു്. പേ കമ്മിഷൻ റിപ്പോർട്ടിന്മേൽ അടുത്ത ഓർഡേഴ്സു് ആകുന്നതോടുകൂടി ഇതിനു പരിഹാരം ഉണ്ടാകുമെന്നു കരുതുന്നു.